**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1969** **29-07-2021 - ൽ മറുപടിയ്ക്ക്**

**കുറ്റിക്കോൺ 110 കെ.വി. സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൺ 110 കെ.വി. സബ്സ്റ്റേഷന് റവന്യൂ വകുപ്പ് 1.5 ഏക്കർ സ്ഥലം അനുവദിച്ചിട്ട് എത്ര മാസമായെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൺ 110 കെ.വി. സബ്സ്റ്റേഷന് റവന്യൂ വകുപ്പ് സ്ഥലം അനുവദിച്ചിട്ട് 9 മാസം ആയി. |
| (ബി) | റവന്യൂ വകുപ്പ് സ്ഥലം കൈമാറിയിട്ടും ഇതിന്റെ അനുബന്ധ രേഖകൾ റവന്യൂ വകുപ്പിൽ നിന്ന് കെ.എസ്.ഇ.ബി. കൈമാറി വാങ്ങി കെ.എസ്.ഇ.ബി. യുടെ ആസ്ഥിയാക്കി മാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഇല്ല. പ്രസ്തുത നിർമ്മാണം നടത്താൻ വേണ്ട റവന്യൂ ഭൂമി കെ.എസ്.ഇ.ബി.ലിമിറ്റഡിന് കൈമാറ്റം ചെയ്യാൻ ഉത്തരവായെങ്കിലും, ലീസ് എഗ്രിമെന്റ് സംബന്ധിച്ച അന്തിമ തീരുമാനത്തിനായി ബോർഡിന്റെ പരിഗണനയിലാണ്. ആയതിനാൽ ഇതുവരെയും ബോർഡിന്റെ ആസ്തിയായി മാറിയിട്ടില്ല. |
| (സി) | തറക്കല്ലിടൽ കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും മേൽ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ; | (സി) | സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കമ്പോള വിലയുടെ 2% വാർഷിക പാട്ടനിരക്കിൽ ചില വ്യവസ്ഥകളോടെ ഓരോ മൂന്ന് വർഷം കഴിയുമ്പോഴും പാട്ടത്തുക പുതുക്കി നിശ്ചയിക്കണം എന്ന ഉപാധിയിൽ 30 വർഷത്തേക്ക് കെ.എസ്.ഇ.ബി-യ്ക്ക് സ്ഥലം അനുവദിച്ചു കൊണ്ട് ഉത്തരവ് ആയിട്ടുണ്ട്. എന്നാൽ പാട്ടത്തുകയിൽ ഉണ്ടാകുന്ന ടി വർദ്ധനവ് കെ.എസ്.ഇ.ബി-യ്ക്ക് വളരെയധികം സാമ്പത്തിക ബാധ്യത ഉണ്ടാകും എന്നുള്ളതുകൊണ്ട് പ്രസ്തുത ഭൂമി വിലയാധാരമായി നൽകുകയോ അല്ലെങ്കിൽ ഒരു നിശ്ചിത പാട്ട വാടകയ്ക്ക് പ്രസ്തുത പ്രോജക്ടിന്റെ മുഴുവൻ കാലാവധി-യിലേക്കായി അനുവദിച്ചു തരുകയോ ചെയ്യണമെന്നും പ്രോജക്ടിന്റെ ചെലവ് ചുരുക്കുന്നതിനു വേണ്ടി 3 ഏക്കർ ഭൂമി എന്നത് 1.5 ഏക്കർ ആയി ചുരുക്കി അനുവദിച്ച് നൽകണമെന്നും കെ.എസ്.ഇ.ബി.എൽ അപേക്ഷിച്ചിരുന്നു. കെ. എസ്. ഇ. ബി അപേക്ഷിച്ച രണ്ട് ആവശ്യങ്ങളിൽ 3 ഏക്കർ ഭൂമി 1.50 ഏക്കർ ആക്കി ചുരുക്കി നൽകി ഉത്തരവായി. ഭൂമിയുടെ വിസ്തൃതി കുറച്ച് നൽകാനുള്ള ആവശ്യം മാത്രം അംഗീകരിച്ചതുകൊണ്ട് നിലവിലുള്ള ഉത്തരവ് ഭേദഗതി വരുത്തി വിലയാധാരമായി |

| | | | |
|---|---|---|---|
| | | | നൽകുകയോ അല്ലെങ്കിൽ അതാത് കാലഘട്ടത്തിൽ സർക്കാർ പ്രഖ്യാപിക്കുന്ന ന്യായവിലയുടെ 2% വാർഷിക പാട്ടനിരക്കിൽ അനുവദിച്ച് തരുകയോ ചെയ്യണമെന്ന കെ.എസ്.ഇ.ബി.എൽ-ന്റെ ആവശ്യം ഇപ്പോൾ പരിശോധിച്ചു വരികയാണ്. |
| (ഡി) | നടപടികൾ പൂർത്തീകരിച്ച് മേൽ 110 കെ.വി. സബ്സ്റ്റേഷന്റെ പണി എന്ന് തുടങ്ങാനാവും എന്ന് അറിയിക്കാമോ? | (ഡി) | കെ.എസ്.ഇ.ബി-യുടെ ആവശ്യ പ്രകാരമുള്ള ഭേദഗതിയിൽ തീരുമാനമാകുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ